# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3098

10.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പാലിയേറ്റീവ് പരിചരണമേഖല

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് പാലിയേറ്റീവ് പരിചരണം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) | സമൂഹത്തിൽ ദുരിതമനുഭവിക്കുന്ന ക്യാൻസർ രോഗികൾ, ഹൃദയ-ശ്വാസകോശ രോഗികൾ, പക്ഷാഘാതത്താൽ ശരീരം തളർന്ന് കിടപ്പിലായവർ, ആസ്ത്മ, അപസ്മാര രോഗികൾ, പ്രായാധിക്യം കാരണത്താൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർ, മാനസിക രോഗമുള്ളവർ തുടങ്ങിയ രോഗികൾക്ക് ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സന്നദ്ധ സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിനാണ് നിലവിലെ പാലിയേറ്റീവ് പരിചരണ നയം ലക്ഷ്യമിടുന്നത്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും പാലിയേറ്റീവ് പരിചരണത്തിനും ഹോംകെയർ സംവിധാനത്തിനുമായി ഒരു വാർഷിക പ്രോജക്റ്റ് നിർബന്ധമായും അതാതു വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് സർക്കാർ |

| | | | |
|---|---|---|---|
| | | | നിഷ്കർഷിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-18) മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം, വികസന ഫണ്ട്, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂടിയ തുകയുടെ 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിന് വകയിരുത്തുന്നതിനും, കിടപ്പുരോഗികൾ സാന്ത്വന ചികിത്സ, മരുന്ന് വിതരണം, പോഷകാഹാര വിതരണം എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | പാലിയേറ്റീവ് മേഖലയിൽ രോഗികളുടെ പരിചരണത്തിനായി പാലിയേറ്റീവ് നേഴ്സുമാരെ നിയമിച്ചത് എന്നാണ്; ആകെ എത്ര പേരെ ഇങ്ങനെ നിയമിച്ചു; അന്നിവർക്ക് എന്ത് യോഗ്യതയാണ് നിശ്ചയിച്ചിരുന്നത്; ഇവർക്ക് അന്ന് നിശ്ചയിച്ച് നൽകിയ ഓണറേറിയം എത്രയായിരുന്നു; ഇപ്പോൾ എത്രപേർ ഈ മേഖലയിൽ പ്രവർത്തിക്കുന്നു; ഇപ്പോൾ ഓണറേറിയം എത്ര രൂപയാണ്; | ബി) | സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി 2008 - 2014 കാലയളവിൽ പാലിയേറ്റീവ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. അന്ന് വിവിധ ഗ്രാമപഞ്ചായത്തുകളിലായി 841 പാലിയേറ്റീവ് നഴ്സുമാരെയാണ് നിയമിച്ചിരുന്നത്. എസ്.എസ്.എൽ.സി, എ.എൻ.എം, ബി.സി.സി.പി.എ.എൻ, പാലിയേറ്റീവ് നേഴ്സ് കോഴ്സ് തുടങ്ങിയ യോഗ്യതകളാണ് നിശ്ചയിച്ചിരുന്നത്. തുടക്കത്തിൽ 3,000/-, 5,000/-, 6,000/-, 8,000/- രൂപ നിരക്കിൽ വിവിധ ഗ്രാമപഞ്ചായത്തുകൾ ഹോണറേറിയം നിശ്ചയിച്ചുനൽകിയിരുന്നു. ഇപ്പോൾ പാലിയേറ്റീവ് മേഖലയിൽ വിവിധ പഞ്ചായത്തുകളിലായി 912 ഓളം പേർ പ്രവർത്തിക്കുന്നു. 10,000/- രൂപയാണ് ഇപ്പോൾ പാലിയേറ്റീവ് നഴ്സുമാർക്ക് നൽകിവരുന്ന മാസവേതനം. |

| | | | |
|---|---|---|---|
| സി) | സാന്ത്വന പരിചരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ യോഗ്യതയിൽ എന്തെങ്കിലും മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) യും ഡി) യും ഇ) യും | ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) | ഇത് നിലവിൽ ജോലി ചെയ്യുന്നവർക്ക് ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | |
| ഇ) | നിലവിൽ ജോലി ചെയ്യുന്നവരുടെ ജോലിസ്ഥിരത ഉറപ്പു വരുത്തുന്നതിനും ഓണറേറിയം തുക വർദ്ധിപ്പിച്ചു നൽകുന്നതിനും ഇ.പി.എഫ് ഇൻഷുറൻസ് അടക്കമുള്ള പരിരക്ഷ നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | | |

**സെക്ഷൻ ഓഫീസർ**